കേരള സർക്കാർ

ധനകാര്യ (പെൻഷൻ - എ) വകുപ്പ്

പരിപത്രം

നം.84/2022/ധന. തിരുവനന്തപുരം, തീയതി, 01-10-2022.

വിഷയം :- പങ്കാളിത്ത പെൻഷൻ പദ്ധതി - സർവീസിലിരിക്കെ മരണമടയുന്ന എൻ.പി.എസ് - ന്റെ പരിധിയിൽ വരുന്ന ജീവനക്കാരുടെ ആശ്രിതർക്ക് പ്രാൺ അക്കൗണ്ടിലുള്ള തുക അനുവദിക്കുന്നത് - സംബ.

സൂചന :- 1. പി.എഫ്.ആർ.ഡി.എ. (Exits & Withdrawals under the National Pension System) (First Amendment) റെഗുലേഷൻസ് 2017.

2. ട്രഷറി ഡയറക്ടറുടെ 20.08.2022 തീയതിയിലെ TRY/3087/2022-C1 നമ്പർ കത്ത്.

****

എൻ.പി.എസ് - ന്റെ പരിധിയിൽ വരുന്ന ജീവനക്കാർ മരണപ്പെടുന്ന സാഹചര്യത്തിൽ അവരുടെ ആശ്രിതർക്ക് പ്രാൺ അക്കൗണ്ടിലുള്ള തുക അനുവദിക്കുന്നതിനായി ആശ്രിതരെ സംബന്ധിച്ച് വ്യക്തത ആവശ്യപ്പെട്ട് ധാരാളം അപേക്ഷകൾ സർക്കാരിൽ ലഭ്യമായിരിക്കുന്ന സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

NPS ൽ അംഗമായിട്ടുള്ള ഒരു വരിക്കാരൻ മരണപ്പെടുന്നപക്ഷം പ്രാൺ അക്കൗണ്ടിലുള്ള തുക

(i) നോമിനേഷൻ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയത് നോമിനിയ്ക്ക് അനുവദിക്കേണ്ടതാണ്.

(ii) നോമിനേഷൻ ഫയൽ ചെയ്തിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അധികാരി നൽകുന്ന നിയമപരമായ അവകാശ സർട്ടിഫിക്കറ്റ് / succession സർട്ടിഫിക്കറ്റ് ന്റെ അടിസ്ഥാനത്തിൽ അവകാശികൾക്ക് തുല്യമായി വിതരണം ചെയ്യാവുന്നതാണ്.

(iii) വിവാഹത്തിന് മുൻപ് ഫയൽ ചെയ്ത നോമിനേഷൻ വിവാഹ ശേഷം മാറ്റി നൽകാതിരുന്നാൽ ആയത് അസാധുവായി കണക്കാക്കുമെന്നതിനാൽ നിയമപരമായ അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവകാശികൾക്ക് തുല്യമായി വിതരണം ചെയ്യാവുന്നതാണ്.

(iv) എൻ.പി എസ്സ് - ൽ അംഗത്വമെടുത്ത വ്യക്തി നോമിനേഷൻ ഫയൽ ചെയ്യുന്ന സമയത്ത് വിവാഹം കഴിച്ചിട്ടുള്ള വ്യക്തിയും പങ്കാളിയെ/ മക്കളെ നോമിനികളായി ഫയൽ ചെയ്യുകയും എന്നാൽ പിന്നീട് വിവാഹബന്ധം വേർപ്പെടുത്തുകയും തുടർന്ന് സർവീസിലിരിക്കെ മരണപ്പെടുകയും ചെയ്താൽ മക്കൾക്ക് തുല്യമായി വിതരണം ചെയ്യാവുന്നതാണ്. എന്നാൽ മേൽ സന്ദർഭങ്ങളിൽ മക്കളെ നോമിനേറ്റ് ചെയ്തിട്ടില്ലായെങ്കിൽ നിയമപരമായ അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവകാശികൾക്ക് തുല്യമായി വിതരണം ചെയ്യാവുന്നതാണ്.

ഷിബു എ
അഡീഷണൽ സെക്രട്ടറി

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), തിരുവനന്തപുരം.
3. സ്പാർക്ക് പി.എം.യു., തിരുവനന്തപുരം.
4. എല്ലാ വകുപ്പ് മേധാവികൾക്കും/സ്ഥാപന മേധാവികൾക്കും/ഭരണവകുപ്പുകൾക്കും.
5. ധനകാര്യ (എൻ.പി.എസ്.-സെൽ) വകുപ്പ്.
6. നോഡൽ ഓഫീസർ,www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (E - 2101404)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ.